**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3719** **12-03-2025 - ൽ മറുപടിയ്ക്ക്**

**മദ്രസ്സ അധ്യാപക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മദ്രസ്സ അധ്യാപക ക്ഷേമനിധി ബോർഡിലേക്ക് കഴിഞ്ഞ ഒമ്പത് വർഷമായി ഗ്രാന്റ് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | 31/05/2010-ലെ സ.ഉ.(പി)നം.209/2010/പൊ.ഭ.വ പ്രകാരം രൂപീകൃതമായ കേരള മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയ്ക്ക് കോർപ്പസ്സ് ഫണ്ടിനത്തിൽ 2008-ൽ പത്തുകോടി രൂപ അനുവദിച്ചിരുന്നു. ട്രഷറിയിലെ പലിശ രഹിത നിക്ഷേപത്തിന് ഇൻസെന്റീവ് അനുവദിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നതിൻ പ്രകാരം 2015-16 സാമ്പത്തിക വർഷം 3,75,33,000/- രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 4,16,59,000/- രൂപയും ഇൻസെന്റീവ് ആയി അനുവദിച്ചിട്ടുണ്ട്. മദ്രസ്സാ ക്ഷേമ നിധിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോർപ്പസ് ഫണ്ട് റീ അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത ബോർഡിന് അവസാനമായി ഗ്രാന്റ് നൽകിയതെന്നാണെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ; 2016-ലെ സർക്കാർ വന്നശേഷം ഇതുവരെ ഇതിനായി ഓരോ വർഷവും അനുവദിച്ച ബജറ്റ് വിഹിതം എത്രയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ; | (ബി) | 2021-2022 സാമ്പത്തിക വർഷം 4,16,59,000/- രൂപയാണ് അവസാനമായി ഇൻസെന്റീവ് അനുവദിച്ചത്.<br><br>ബഹു.മുഖ്യമന്ത്രി ചട്ടം 300 പ്രകാരം 10.7.2024ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയിലെ മറ്റ് ധനസഹായങ്ങൾ എന്നതിൽ മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹയം എന്ന ഇനത്തിൽ ഈ സാമ്പത്തിക വർഷാവസനത്തോടെ കുടിശ്ശിക നിലവിലില്ലായെന്ന് ഉറപ്പ് വരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 25.11.2024 ലെ സ.ഉ.(സാധാ)നം.5211/2024/GAD പ്രകാരം 60 ലക്ഷം രൂപയും അധിക ധനസഹായമായി 15 ലക്ഷം രൂപയും ചേർത്ത് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അംശദായ ഇനത്തിൽ അംഗങ്ങളിൽ നിന്നും ലഭിക്കുന്ന വരവ് എത്ര; വ്യക്തമാക്കാമോ; | (സി) | നിലവിൽ 27,439 അംഗങ്ങൾ ക്ഷേമനിധിയുടെ ഭാഗമായിട്ടുണ്ട്. അംശാദായ ഇനത്തിൽ അംഗങ്ങളിൽ നിന്നും ലഭിച്ച 2018-19 സാമ്പത്തിക വർഷം മുതലുള്ള വരവ് ചുവടെ ചേർക്കുന്നു. |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>2018-19</td><td>1,44,02,284/-</td></tr>
<tr><td>2019-20</td><td>1,40,88,782/-</td></tr>
<tr><td>2020-21</td><td>2,08,49,610/-</td></tr>
<tr><td>2021-22</td><td>97,69,633/-</td></tr>
<tr><td>2022-23</td><td>2,20,57,763/-</td></tr>
<tr><td>2023-24</td><td>75,95,277/-</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>നിലവിൽ പ്രസ്തുത ബോർഡിൽ നിന്നും നൽകി വരുന്ന വിവിധയിനം ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഒരു വർഷം ഇതിനായി എന്ത് തുക ചെലവ് വരുന്നുണ്ട്; വിശദാംശം നൽകുമോ;</td><td>(ഡി)</td><td>
മദ്രസ്സാദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുംമായ വളർച്ചയും പുരോഗതിയും ലക്ഷ്യംവച്ചുകൊണ്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
അംഗങ്ങൾക്ക് 60 വയസ്സിനുശേഷം ക്ഷേമനിധിയിലെ അംഗത്വപ്രാബല്യമനുസരിച്ച് 1500/- രൂപ മുതൽ 7500/- രൂപ വരെ പ്രതിമാസം പെൻഷൻ നൽകിവരുന്നു. മാറാരോഗങ്ങൾ കാരണം ജോലിക്കുപോകാൻ സാധിക്കാതെ അവശത അനുഭവിക്കുന്ന അദ്ധ്യാപകർക്ക് അവശതാ പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 1000/-രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി 3.5 കോടി രൂപയോളം പെൻഷന് വേണ്ടി ചെലവഴിക്കുന്നുണ്ട്.<br><br>
മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും 2 പെൺമക്കളുടെ വിവാഹത്തിനും 25,000/- രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി75,00,000/- (എഴുപത്തി അഞ്ച് ലക്ഷം) രൂപയോളം വിവാഹ ധനസഹായത്തിനായി ചെലവഴിക്കുന്നുണ്ട്.<br><br>
വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ക്ഷേമനിധി അംഗങ്ങളുടെ എസ്.എസ്.എൽ.സി./പ്ലസ്സ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് ഗ്രേഡ് നേടിയ മക്കൾക്ക് 2000/- രൂപാ വീതം ക്യാഷ് അവാർഡും പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/അർദ്ധ സർക്കാർ
</td></tr>
</table>

സ്ഥാപനങ്ങളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച് പഠനം നടത്തുന്ന നിധിയിലെ അംഗങ്ങളുടെ മക്കൾക്ക് പ്രസ്തുത സ്ഥാപനത്തിലെ പഠനത്തിന് ആവശ്യമായ സർക്കാർ ഫീസിന് തുല്യമായ തുക വിദ്യാഭ്യാസ ധനസഹായമായി നൽകുന്നതാണ്. പ്രതിവർഷം ശരാശരി 2,50,000/- രൂപയോളം മെറിറ്റ് അവാർഡിനും 2 ലക്ഷം രൂപയോളം വിദ്യാഭ്യാസ ധനസഹായത്തിനായും ചെലവഴിക്കുന്നുണ്ട്.

സ്വന്തമായി ഒരു വീട് എന്ന മദ്രസ്സാദ്ധ്യാപകന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5 ലക്ഷം രൂപ പലിശ രഹിത വായ്പയായി നൽകുന്നു.

ഗുരുതര രോഗങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരും ചികിത്സയ്ക്കായി വൻതുക ചിലവാക്കേണ്ടി വന്നിട്ടുള്ളതുമായ മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി ബോർഡിൽനിന്നും സാധാരണ രോഗങ്ങൾക്ക 5000/- രൂപയും ഗുരുതര രോഗങ്ങൾക്ക് 25000/- രൂപ വരെയും ചികിത്സാ ധനസഹായമായി നൽകുന്നതാണ്. പ്രതിവർഷം ശരാശരി 8,00,000/- രൂപയോളം ചികിത്സാ ധനസഹായത്തിനായി ചിലവഴിക്കുന്നുണ്ട്.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി യിൽ അംഗത്വമെടുത്ത വനിത അംഗങ്ങൾക്ക് പ്രസവാനന്തര ചികിത്സക്കായി 15000/-രൂപ നൽകി വരുന്നുണ്ട്. പ്രതിവർഷം ശരാശരി 1,50,000/- രൂപയോളം പ്രസവാനന്തര ചികിത്സയ്ക്കായി ചെലവഴിക്കുന്നുണ്ട്.

കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ അദ്ധ്യാപകരുടെ അവകാശികൾക്ക് മരണാനന്തര ധനസഹായമായി അംഗത്വ പ്രാബല്യത്തിനനുസരിച്ച് 10,000/-രൂപ മുതൽ 50,000/- രൂപ വരെ നൽകിവരുന്നു. കൂടാതെ ശവസംസ്കാര ചെലവുകൾക്കായി അവകാശിക്ക് 5000/- രൂപ ഉടൻ അനുവദിക്കും. പെൻഷനറാണ്

| | | | |
|---|---|---|---|
| | | | മരിക്കുന്നതെങ്കിൽ അവകാശിയ്ക്ക് ഉടൻ 3,000/-രൂപ ധനസഹായം നൽകും. പ്രതിവർഷം ശരാശരി 7,00,000/-(ഏഴ് ലക്ഷം രൂപ) രൂപയോളം മരണാനന്തര ധനസഹായത്തിനായി ചെലവഴിക്കുന്നുണ്ട് |
| (ഇ) | പ്രസ്തുത ബോർഡിലേക്ക് സർക്കാർ ഗ്രാന്റ് എന്നത്തേക്ക് അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ? | (ഇ) | മദ്രസ്സാ ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി കോർപ്പസ് ഫണ്ട് റീ -അലോട്ട്മെന്റായി 20 കോടി രൂപ അനുവദിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ് - മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം അനുവദിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ(ന്യൂനപക്ഷ ക്ഷേമ) വകുപ്പ്**

G.O.(Rt)No.5211/2024/GAD തീയതി,തിരുവനന്തപുരം, 25-11-2024

---

പരാമർശം:- കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05.09.2024 ലെ 841/2020/എ1/KMTWF 7.10.2024 ലെ 1871/2024/കെ .എം. ടി . ഡബ്ല്യൂ .എഫ് നമ്പർ കത്തുകൾ.

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രി ചട്ടം 300 പ്രകാരം 10.07.2024-ന് നിയമസഭയിൽ നടത്തിയ പ്രസ്താവനയിലെ മറ്റ് ധനസഹായങ്ങൾ എന്ന 9 ാമത് പിരിവിലെ മദ്രസ്സ അദ്ധ്യാപക ക്ഷേമ നിധിയിൽ നിന്നുള്ള വിവാഹ ധനസഹായം എന്ന ഇനത്തിൽ, ഈ സാമ്പത്തിക വർഷാവസാനത്തോടെ ഒരു കുടിശ്ശികയും നിലവിലില്ലായെന്ന് സർക്കാർ ഉറപ്പ് വരുത്തും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

2) വിവാഹ ധനസഹായത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശ പ്രകാരം കേരള മദ്രസ്സാദ്ധ്യാപകക്ഷേമ നിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം അനുവദിക്കുന്നതിനായി "2225-04-102-92-34 implementation of Schemes Recommended as per Justice Sachar Committee Report - NV" എന്ന ശീർഷകത്തിൽ നിന്നും 60 ലക്ഷം രൂപ (അറുപത് ലക്ഷം രൂപാ മാത്രം ) അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINI M R

JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മദ്രസ്സാദ്ധ്യാപക ക്ഷേമ നിധി ബോർഡ്

ചക്കോരത്ത് കുളം, വെസ്റ്റ് ഹിൽ കോഴിക്കോട്

ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ) കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ